LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3 ഐ.എ.എസ്. ഉദ്യോഗസ്ഥർക്കെതിരെയും 10 ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെയും അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധം എ-യിൽ ചേർക്കുന്നു.*

(സി) വിവരം ശേഖരിച്ചുവരുന്നു.

സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ അന്യത്ര സേവനം

22 (26) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ അന്യത്ര സേവന വ്യവസ്ഥയിൽ പോയിട്ടുണ്ടെന്നും, അവർ ആരെല്ലാമാണെന്നും വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ പത്ത് ദിവസത്തിലധികം അവധിയെടുത്ത് പോയിട്ടുണ്ടെന്നും, ആരെല്ലാമാണെന്നും വെളിപ്പെടുത്താമോ ;

(സി) ഈ കാലയളവിൽ ഏതൊക്കെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ രാജിവെച്ചും, വോളണ്ടറി റിട്ടയർമെന്റ് വാങ്ങിയും സർവ്വീസ് അവസാനിപ്പിച്ചെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ 33 ഐ.എ.എസ്. ഉദ്യോഗസ്ഥരും 15 ഐ.പി.എസ്. ഉദ്യോഗസ്ഥരും അന്യത്ര സേവന വ്യവസ്ഥയിൽ പോയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ അനുബന്ധം 1, 2-ൽ ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ 82 ഐ.എ.എസ്. ഉദ്യോഗസ്ഥരും 54 ഐ.പി.എസ്. ഉദ്യോഗസ്ഥരും പത്ത് ദിവസത്തിലധികം അവധിയെടുത്ത് പോയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ അനുബന്ധം 3, 4-ൽ ചേർക്കുന്നു.*

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(സി) ഈ കാലയളവിൽ ഐ.എ.എസ്. ഉദ്യോഗസ്ഥർ ആരുംതന്നെ രാജിവച്ചോ വോളണ്ടറി റിട്ടയർമെന്റ് വാങ്ങിയോ സർവ്വീസ് അവസാനിപ്പിച്ചിട്ടില്ല.

ഐ.പി.എസ്.-ൽ ശ്രീ. പി. ചന്ദ്രശേഖരൻ ഐ.പി.എസ്. (KL:1983) വോളണ്ടറി റിട്ടയർമെന്റ് എടുത്തും ശ്രീ. ദീപക് രഞ്ജൻ ഐ.പി.എസ്. (KL:2009), ശ്രീ. ധീരജ് കുമാർ ഗുപ്ത ഐ.പി.എസ്. (KL:2010) എന്നിവർ 'technical resignation' വഴിയും ശ്രീ. വിനോദ് തോമസ് ഐ.പി.എസ്. (KL:1993), ശ്രീ. സുനിൽ അസ്താനി ഐ.പി.എസ്. (KL:1999) എന്നിവർ 'Deemed Resignation' വഴിയും സർവ്വീസ് അവസാനിപ്പിക്കുകയുണ്ടായി.

വിജിലൻസ് കേസ്സുകളിൽ പ്രതികളായ ഉദ്യോഗസ്ഥന്മാർ

23 (27) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥന്മാരിൽ എത്രപേർ വിജിലൻസ് കേസ്സുകളിൽ പ്രതികളായി നടപടി നേരിടുന്നുവെന്ന് വ്യക്തമാക്കുമോ; ഇതിൽ 2011 മേയ് മാസത്തിനുശേഷം പ്രതികളാക്കപ്പെട്ടവരുടെ പ്രത്യേകം കണക്കുകൾ ലഭ്യമാക്കാമോ ;

ഉത്തരം

14 പേർ. വിശദാംശം അനുബന്ധമായി ചേർക്കുന്നു.* ഇവരിൽ ശ്രീ. എസ്. ശ്രീജിത്ത് ഐ.പി.എസ്., ശ്രീ. ടോമിൻ ജെ. തച്ചങ്കരി ഐ.പി.എസ്., ശ്രീ. ജിജി തോംസൺ ഐ.എ.എസ്., ശ്രീ. ശശിധരൻ ഐ.എഫ്.എസ്., ഡോ. അമിത്ത് മാലിക്ക് ഐ.എഫ്.എസ്. എന്നിവർ ഒഴികെയുള്ളവരെല്ലാം 2011 മേയ് മാസത്തിനു ശേഷം പ്രതി ചേർക്കപ്പെട്ട ഉദ്യോഗസ്ഥരാണ്.

ജില്ലകളിൽ ഐ.എ.എസ്. അക്കാദമി

24 (28) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഐ. എ. എസ് . അക്കാദമി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഐ. എ. എസ്. അക്കാദമി ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly